**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2976** | **13-10-2021 - ൽ മറുപടിയ്ക്ക്**

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.വി.സുമേഷ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ജില്ലകളിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ച പദ്ധതി ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പ്രകാരം, പദ്ധതി നടപ്പിലാക്കി വരുന്നു. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27.04.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുയുമുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. തുടർന്നുള്ള നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിൻെറ സാങ്കേതിക അനുമതിക്കായുള്ള നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിയ്ക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സാംസ്കാരിക സമുച്ചയ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ സാംസ്കാരിക സമുച്ചയത്തിൻെറ പ്രോജക്റ്റ് റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ ഭൂമി ജില്ലാ ഭരണകൂടത്തിൻെറ സഹായത്തോടെ കണ്ടെത്തുവാനുള്ള ശ്രമം നടന്നു വരികയാണ്. |
| (ബി) | പാലക്കാട്, കാസർഗോഡ് സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയായോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ; | (ബി) | പാലക്കാട്, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (സി) | ഒന്നാം ഘട്ടം ഉദ്ഘാടനം ചെയ്ത കൊല്ലത്തെ സ്മാരകം പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സ്മാരകങ്ങളുടെ പ്രവർത്തനം സംബന്ധിച്ച രൂപരേഖ സാംസ്കാരിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ